# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3231 14.03.2018-ൽ മറുപടിക്ക്

### കസ്റ്റഡിമരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസ് കസ്റ്റഡിമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) 4 പോലീസ് കസ്റ്റഡിമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ പോലീസ് സ്റ്റേഷൻ, പ്രതികളായ പോലീസ് ഉദ്യോഗസ്ഥർ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) വിശദാംശങ്ങൾ അനുബന്ധം 1 – ആയി ചേർത്തിട്ടുണ്ട്. |
| (സി) കസ്റ്റഡി മരണങ്ങളുടെ/മർദ്ദനങ്ങളുടെ പേരിൽ ഈ സർക്കാർ പോലീസുകാർക്ക് എതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ? | (സി) വിശദാംശങ്ങൾ അനുബന്ധം II – ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| ജില്ല | പോലീസ് സ്റ്റേഷൻ | മരണപ്പെട്ടയാളുടെ പേര് | ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി |
|---|---|---|---|
| ആലപ്പുഴ | നൂറനാട്, ക്രൈം നമ്പർ 1127/17 | റെജി | പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടില്ല. |
| പാലക്കാട് | അഗളി, ക്രൈം നമ്പർ 87/2018 | മധു | പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടില്ല. |
| മലപ്പുറം | വണ്ടൂർ, ക്രൈം നമ്പർ 348/16 | അബ്ദുൾ ലത്തീഫ് | പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്തിട്ടില്ല. എന്നാൽ കേസ്സുമായി ബന്ധപ്പെട്ട വണ്ടൂർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. സനീഷ് എസ്.ആർ., എസ്.സി.പി.ഒ 3494 മനോജ്, സി.പി.ഒ 4987 സജീഷ് എന്നീ 3 പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നു. ഇവർക്കെതിരെ വകുപ്പുതല നടപടികൾ (OE) നടന്നുകൊണ്ടിരിക്കുന്നു. |
| കണ്ണൂർ | തലശ്ശേരി, ക്രൈം നമ്പർ 1983/16 | കാളിമുത്തു | പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടില്ല. എന്നാൽ ഫൈസൽ (എസ്.ഐ), രാമചന്ദ്രൻ (ജി.എ.എസ്.ഐ 4170), രമേശൻ (ജി.എ.എസ്.ഐ 4250) എന്നീ മൂന്ന് പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നു. അവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവർക്കെതിരെയുള്ള വാച്യാന്വേഷണം കണ്ണൂർ റേഞ്ച് ഐ.ജി.പി. യുടെ കീഴിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - II

കസ്റ്റഡി മരണങ്ങളുടെ/മർദ്ദനങ്ങളുടെ പേരിൽ ഈ സർക്കാർ പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

1. തിരുവനന്തപുരം സിറ്റി നേമം പോലീസ് സ്റ്റേഷനിൽ വെള്ളായണി സ്വദേശി സജീറിനെ മർദ്ദിച്ച എന്ന സംഭവത്തിൽ നേമം പോലീസ് സബ് ഇൻസ്പെക്ടർ സമ്പത്ത്, സി.പി.ഒ. 1532 എന്നിവരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പുതല അന്വേഷണവും നടന്നുവരുന്നു.

2. തിരുവനന്തപുരം സിറ്റി മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ കുളത്തൂർ സ്വദേശിയെ മർദ്ദിച്ച എന്ന പരാതിയിൽ സി.പി.ഒ. 4089 മധുവിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തിവരുന്നു.

3. കൊച്ചി സിറ്റിയിൽ ട്രാഫിക് വെസ്റ്റ് പോലീസ് സ്റ്റേഷനിലെ ബിബിൻ എന്ന പോലീസ് സബ് ഇൻസ്പെക്ടർക്കെതിരെ പള്ളുരുത്തി പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്യുകയും വകുപ്പുതല നടപടിയുടെ ഭാഗമായി വാച്യാന്വേഷണത്തിന് ഉത്തരവാകുകയും പോലീസ് മർദ്ദനത്തിന്റെ പേരിൽ ചെന്താമരാക്ഷൻ എന്ന ആളുടെ പരാതിയിന്മേൽ കൊച്ചി സിറ്റി ട്രാഫിക് ഈസ്റ്റ്, അസി. കമ്മീഷണർ അന്വേഷണം നടത്തി ശിക്ഷാവിവരപത്രിക സമർപ്പിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥനെതിരെയുള്ള ക്രൈം കേസ്സ് കോടതിയിൽ വിചാരണയിലായതിനാൽ അന്തിമ വിധിയ്ക്ക് ശേഷം ശിക്ഷാവിവരപത്രികയിൽ തീർപ്പുകൽപ്പിക്കുന്നതാണ്.

4. എറണാകുളം റൂറൽ ബിനാനിപുരം പോലീസ് സ്റ്റേഷനിൽ പോലീസ് മർദ്ദനം എന്ന പരാതിയിന്മേൽ ബിനാനിപുരം എസ്.എച്ച്.ഒ സ്റ്റെപ്റ്റോ ജോൺ എന്ന ഉദ്യോഗസ്ഥനെ സായുധ സേനയിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

5. എറണാകുളം റൂറൽ ജില്ലയിൽ മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ പ്രജീഷ് കൊട്ടിയോട്, ആറ്റിങ്ങൽ എന്നയാളെ കസ്റ്റഡിയിൽ മർദ്ദിച്ച എന്ന പരാതിയിന്മേൽ 8 പോലീസ് ഉദ്യോഗസ്ഥരെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്ത് മൂവാറ്റുപുഴ പോലീസ് ഇൻസ്പെക്ടർ ജയകുമാർ അന്വേഷണം നടത്തി വരുന്നു. ടി കേസ്സ് എസ്.ഐയുടെ നേതൃത്വത്തിലുള്ള 7 പോലീസ് ഉദ്യോഗസ്ഥർ മർദ്ദിച്ചതായി എഫ്.ഐ.ആർ-ൽ രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ കേസ്സിലെ പരാതിക്കാരൻ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരായി പ്രതികളുടെ പേര് വിവരം പറയുകയോ പ്രതികളെ കണ്ട് തിരിച്ചറിയുകയോ ചെയ്യാത്തതിനാൽ പ്രതികളുടെ പേരുവിവരം വെളിവായിട്ടില്ല.

6. തൃശ്ശൂർ സിറ്റിയിൽ പാവറട്ടി പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥനെതിരെ തൃശ്ശൂർ റൂറൽ ജില്ലയിലെ വാടാനപ്പള്ളി പി.എസ്.-ൽ രജിസ്റ്റർ ചെയ്ത കേസ്സിൽ പോലീസ് ഉദ്യോഗസ്ഥരായ സാജൻ, ജി.എസ്.സി.പി.ഒ 6325, ശ്രീജിത്ത് സി.പി.ഒ. 6802 എന്നിവരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും വകുപ്പുതല അന്വേഷണം നടന്നുവരികയുമാണ്.

7. തൃശ്ശൂർ റൂറൽ ജില്ലയിൽ വാടാനപ്പള്ളി പുതുക്കാട്, കുന്നംകുളം, കൊടുങ്ങല്ലൂർ, ആതിരപ്പള്ളി, വടക്കാഞ്ചേരി എന്നീ പോലീസ് സ്റ്റേഷനുകളിലായി പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ച പരാതിയിന്മേൽ 7 കേസ്സുകളിലായി 9 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രൈം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവ താഴെപ്പറയുന്നു.

| പേരു വിവരം | പോലീസ് സ്റ്റേഷനും ക്രൈം നമ്പരും | കേസ്സിന്റെ നിലവിലെ അവസ്ഥ |
|---|---|---|
| ബാബു, Dvr SCPO 308, AR Camp, TSR City | വാടാനപ്പള്ളി Cr.No.1816/16 | Pending Trial |
| സന്ദീപ് കെ.എസ്., SI, Puthukkad PS | പുതുക്കാട് Cr.No.2004/16 | Final Report as false on 21.06.17 |
| രാകേഷ് എ.ആർ CPO 7369, TSR City | കുന്നംകുളം Cr. No. 1071/16 | Pending Trial |
| അമൽ RRRF 2736 | കൊടുങ്ങല്ലൂർ Cr. No.1489/16 | Pending Trial |
| ഇതിഹാസ് താഹ SI, Athirappally PS | അതിരപ്പള്ളി Cr. No. 167/16 | Undetected on 28.12.2017 (UD) |
| സാജൻ GSCPO 6325 Pavaratty Police Station | വാടാനപ്പള്ളി Cr. No. 826/17 | Investigation by CBCID PKD |
| ശ്രീജിത്ത് CPO 6802 Pavaratty Police Station | വാടാനപ്പള്ളി Cr. No. 826/17 | Investigation by CBCID, PKD |
| ബാബു. പി.പി ASI, Vadakkancherry Police Station | വടക്കാഞ്ചേരി Cr. No. 98/17 | Final Report as false on 06.10.2017 |
| സന്തോഷ് SCPO 5041, Vadakkancherry Police Station | വടക്കാഞ്ചേരി Cr. No. 98/17 | Final Report as false on 06.10.2017 |

8. മലപ്പുറം ജില്ലയിലെ വണ്ടൂർ പോലീസ് സ്റ്റേഷനിൽ അബ്ദുൾ ലത്തീഫ് എന്നയാളുടെ കസ്റ്റഡിമരണവുമായി ബന്ധപ്പെട്ട് ക്രൈം നം.348/16 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്തിട്ടില്ല. എന്നാൽ കേസ്സുമായി ബന്ധപ്പെട്ട് പ്രസ്തുത പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ സനീഷ് എസ്.ആർ, എസ്.സി.പി.ഒ. 4394 മനോജ്, സി.പി.ഒ. 4987 സതീഷ് എന്നീ 3 പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നു. സസ്പെൻഷൻ കാലാവധി കഴിഞ്ഞ് പോലീസ് ഉദ്യോഗസ്ഥർ സർവ്വീസിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്. വകുപ്പുതല നടപടികൾ നടന്നു വരുന്നു.

9. കണ്ണൂർ ജില്ലയിലെ തലശ്ശേരി പോലീസ് സ്റ്റേഷനിൽ കാളിമുത്തു എന്നയാളുടെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 1983/16 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടില്ല. എന്നാൽ ഫൈസൽ, എസ്.ഐ., രാമചന്ദ്രൻ, ഗ്രേഡ് എ.എസ്.ഐ. 4170, രമേശൻ, ഗ്രേഡ് എ.എസ്.ഐ. 4250 എന്നീ 3 പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നു. സസ്പെൻഷൻ കാലാവധി കഴിഞ്ഞ് അവർ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. വകുപ്പുതല അന്വേഷണം നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**